**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- അന്തർവകുപ്പ് സ്ഥലം മാറ്റം -പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഡ്രൈവറായ ശ്രീ.വിജയൻ.യു-ന് മലപ്പുറം ജില്ലയിൽ ഗ്രാമവികസന വകുപ്പിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (എം.എസ്)നം.46/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 02/03/2017

---

പരാമർശം : 1. 06/02/2013 ലെ ജി.ഒ (പി) നം. 5/2013/ഉപഭവ.

2. ശ്രീ.വിജയൻ.യു സമർപ്പിച്ച 01/03/2016 ലെ അപേക്ഷ.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/03/2016 ലെ സി2/21/2016/ ഡി.പി.ഐ നമ്പർ കത്ത്.

4. ഗ്രാമവികസന കമ്മീഷണറുടെ 01/12/2016 ലെ 8264/എസ്റ്റാ.സി1/ 16/സിആർഡി നമ്പർ കത്ത്.

5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08/11/2016 ലെ ഡി2/77054/ 2016/ഡി.പി.ഐ നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലാ പി.എസ്.സി മുഖേന ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 01/09/2012-ൽ ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ നിയമിതനായ ശ്രീ.വിജയൻ.യു മലപ്പുറം ജില്ലയിൽ ഗ്രാമവികസന വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്നതിനു വേണ്ടി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു. ശ്രീ.വിജയന് ഗ്രാമവികസന വകുപ്പിൽ നിയമനം ലഭിക്കുന്ന പക്ഷം ടിയാനെ വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. ശ്രീ.വിജയൻ.യു പൊതു വിദ്യാഭ്യാസ വകുപ്പിൽ 4 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ ഡ്രൈവർ തസ്തിക നിലവിലില്ലെന്ന് പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മലപ്പുറം ജില്ലാ പി.എസ്.സി മുഖേന ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ഡ്രൈവർ ഗ്രേഡ്-2 ആയി ജോലി ചെയ്യുന്ന ശ്രീ.വിജയൻ.യു-ന് പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി മലപ്പുറം ജില്ലയിൽ ഗ്രാമവികസന വകുപ്പിലേക്ക് അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**
അണ്ടർ സെക്രട്ടറി

1) ശ്രീ.വിജയൻ.യു, ഡ്രൈവർ ഗ്രേഡ് 2, (ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ), എറണാകുളം
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ